

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 16 No.8 Newsletter August 2018



“ഇത് നിങ്ങൾക്ക് വേണ്ടിയുള്ള എന്റെ ശരീരം;
എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്‌വിൻ എന്ന് പറഞ്ഞു”
(1 കൊരി.11:24).



In ever loving memory of



**Sri. N. Yohannan** **Smt. Chellamma Yohannan**

*Called to Eternal Rest on*

August 5, 2006 December 31, 2002

"Let no one seek his own, but each one the others well being"

(1 Corinthians 10:24)

*By Children and Grandchildren*

---

*Called to Eternal Glory*

## *5th Death Anniversary*



**J. Alphonse Jones**
Family No. 188
Kowdiar

*With Prayers and Remembrance*

*Wife : Baby Jones*
*Children & Grand Children*

# CHURCH VOICE

16th year of publication

**AUGUST 2018**



## Editorial Board

**Chief Editor**

Rev. D. Jacob

**Convenor**
**Literary Board**

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
R. Sajan Samson
(Editor)
Manoj Kumar Ebenezer
(Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



**Address**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

**Printed at**

**Grace Printers**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**ജീ**വന്റെ അപ്പമായ ക്രിസ്തു തന്നെ ഭുജിക്കുന്നവർക്ക് അപ്പമായിതീരാൻ നൽകുന്ന ആഹ്വാനമാണ് വിശുദ്ധ തിരുവത്താഴം. അപ്പം നുറുക്കൽ, കർത്താവിന്റെ അത്താഴം, തിരുവത്താഴം, യൂക്കറിസ്റ്റ്, കുർബ്ബാന, മാസ്സ്– പേര് ഏതായാലും ആഹ്വാനം ശക്തമാണ്. നമ്മൾ ബുദ്ധിയുള്ള ആരാധനയായി നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുന്നത് മേൽപ്പറഞ്ഞ ദൗത്യനിർവ്വഹണത്തിനാണ്.

വിശുദ്ധ വേദം അപ്പത്തിന് വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്. യേശു ജനത്തിന്റെ വിശപ്പിനെ കുറിച്ച് എപ്പോഴും കരുതലുള്ളവനായിരുന്നു. അവൻ ജനിച്ചത് അപ്പത്തിന്റെ ഭവനത്തിലാണ്. വാഴ്ത്തി വർദ്ധിപ്പിച്ചതും അപ്പം തന്നെ. ദിനംപ്രതിയുള്ള അപ്പത്തിനായി പ്രാർത്ഥിക്കാൻ ശിഷ്യരെ പഠിപ്പിച്ചു. പുനരുദ്ധാനം ചെയ്തവൻ അപ്പവുമായി ശിഷ്യന്മാരെ കടൽക്കരയിൽ കാത്തിരിക്കുന്നു. അവൻ ലോകത്തോടു വിളിച്ചു പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു. അതിനാൽ അപ്പമായി തീരാനാണ് നമുക്ക് നിയോഗം.

അപ്പമായിത്തീരൽ ആരംഭിക്കേണ്ടത് മണ്ണിൽ നിന്നു തന്നെ. കഠിനാധ്വാനത്തിന്റെ ഫലമാണ് അപ്പം. അന്നുവരെ വീട്ടിൽ സുരക്ഷിതമായിരുന്ന വിത്ത് കർഷകൻ എടുത്ത് ഒരുക്കിയിട്ടിരിക്കുന്ന നിലത്ത് വിതയ്ക്കുന്നു. അപ്പമാകാനുള്ള ആദ്യപടി സ്വയം സൃഷ്ടിച്ച സുരക്ഷിതത്വം ഉപേക്ഷിക്കുകയും യജമാനനിൽ ആശ്രയിക്കുകയും ചെയ്യുക എന്നതത്രേ. വിത്ത് നിലത്തു വീണു ചാകാൻ ആരംഭിക്കുന്നു. അതിന്റെ പുറം തോട് തകരുന്നു. കോമളത്വവും രൂപഗുണവും കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവും നഷ്ടപ്പെടുന്നു, യെശയ്യാവിലെ കഷ്ടപ്പെടുന്ന ദാസനെപ്പോലെ, ഹൃദയം നുറുങ്ങിയവർക്കാണല്ലോ ഉടയവൻ സമീപസ്ഥൻ, തകർക്കപ്പെട്ടവർക്ക് രക്ഷയും.

വിത്തിൽ നിന്ന് കിളിർപ്പും അതിൽ കതിരും ഉണ്ടാകുന്നു. കതിർ വല്ലാതെ മൂത്തുപോകുന്നതിനു മുമ്പ് കർഷകൻ കൊയ്തെടുക്കും. ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് അകാലത്തിൽ കൊയ്യപ്പെട്ടു. കൊയ്ത്തു കഴിഞ്ഞാൽ മെതിക്കയും പിന്നെ പൊടിക്കലും നടക്കണം. അപ്പോഴാണ് ഇഴുകിചേരുന്നത്. അലിയാത്ത മൺകട്ടയ്ക്കു വിളവെടുപ്പിൽ പങ്കില്ല എന്ന് കേട്ടിട്ടുണ്ടല്ലോ! ഇഴുകിച്ചേർന്ന മാവിനെ കുഴച്ച് പതം വരുത്തി തീയിലേയ്ക്ക് വിടുന്നു. തീയിലാണ് അപ്പം ജനിക്കുന്നത്. ക്രിസ്തീയ ജീവിതത്തിന്റെ ഉദാത്ത മാതൃക.

അപ്പത്തിന് ഒരു ലക്ഷ്യമേയുള്ളൂ. തന്നെ ആരെല്ലാം സ്വന്തമാക്കുന്നുവോ അവരുടെ വിശപ്പടക്കുക. അപരിചിതനും, ധൂർത്തനും, ദരിദ്രനും, ചുങ്കക്കാരനും, വേശ്യക്കും, കുഷ്ഠരോഗിക്കും ധനവാനും അപ്പം ഒരു ഭേദവും കല്പിക്കാറില്ല. മുറിക്കപ്പെടുന്തോറും മറ്റുള്ളവർക്ക് ആശ്വാസമായി തീരും. നമുക്കും ജീവനുള്ള അപ്പമാകാം. അപ്പോൾ യജമാനൻ നമ്മെ കരങ്ങളിൽ എടുത്ത്, വാഴ്ത്തി, നുറുക്കി വിശപ്പുള്ളവർക്ക് കൊടുക്കും.

മുറിക്കപ്പെട്ട അപ്പത്തിൽ യേശുവിനെ കാണുക. ഒപ്പം ദാരിദ്ര്യത്താൽ മുറിക്കപ്പെട്ട നമ്മുടെ സഹോദരനെയും സഹോദരിയേയും.

സ്നേഹാദരവുകളോടെ,

**ജേക്കബ്ബച്ചൻ**



# പ്രതിവാര ധ്യാനം

**ആഗസ്റ്റ് 2018**

ആഗസ്റ്റ് 05, Mission Sunday

വിഷയം: **ദൗത്യം: ദൈവത്തിന്റെ വേദനയെ പങ്കുവെയ്ക്കൽ**

യെശയ്യ.6:1-8, സങ്കീ.40:1-13, അ.പ്ര.9:10-18, ലൂക്കോ10:1-11

ആഗസ്റ്റ് 12, രണ്ടാം ഞായർ

വിഷയം: **സ്നാനം: ക്രിസ്തുവിനോട് കൂടെ മരിക്കുകയും ഉയിർക്കുകയും ചെയ്യുന്ന അനുഭവം**

ഉൽപ്പ.7:11-24, സങ്കീ.29, റോമ.6:1-14, യോഹ.12:20-26

ആഗസ്റ്റ് 19, മൂന്നാം ഞായർ

വിഷയം: **വിശുദ്ധ കുർബാന എന്ന കൂദാശ**

2.രാജാ.4:42-44, സങ്കീ.100, 1.കൊരി:11:23-30, യോഹ.6:11-59

ആഗസ്റ്റ് 26, നാലാം ഞായർ

വിഷയം: **ബഹുലത: പൊതുമാനവികതയും വിശ്വാസം പങ്കുവെയ്ക്കലും**

യോന.4:1-11, സങ്കീ.82, അ.പ്ര.8:26-40, മത്താ.22:1-14

## Secretary's Report



Dear friends in Christ,

At the outset I thank the Almighty for His wonderful guidance throughout the period.

It is noticed that, except the regular Sunday worship services, the participation of the members in the worship services/prayer fellowships conducted in the church is nominal. Hence I felt to remind you all, for your active participation in Morning devotional service at 7 am on all working days, Vestry prayer on Mondays at 6:30 pm, Worship and Witnessing Service on Thursdays at 6:15 pm, preparatory service on the eve of first Sunday and fasting prayer on second Saturday at 10 am. Your participation in these services bring more blessings to your lives and family.

111$^{th}$ SIUC Day was observed by our church on Sunday 22- 7-2018. Order of Worship provided by the diocese in connection with the SIUC Day was followed in the sunday worship services. SIUC flag was hoisted at the MM Church Compound as mark of observance of SIUC Day.

1. **Church Committee Meetings**

   In July one special church committee meeting specifically to discuss on budget of the church for the year 2018-19 was held on 11.07.2018. The regular church committee for the month of July was held on 12.07.2018 and continued on 15.07.2018. During the meeting it was decided to hold the church general body meeting at 10.30 AM on 29.07.2018.

2. **Circle Prayers**

   During the month twenty five circle prayers were conducted at the residences of our church members.

3. **Youth Week**

   The church has observed the youth week from 08.07.2018 to 15.07.2018. Christian Endeavour Youth Fellowship took the lead role to conduct various programmes during the week which

includes youth convention from 13.07.2018 to 15.07.2018. Bro. Zeno Jacob shared the word of God during the convention.

As part of the youth week, children's retreat was conducted on 14.07.2018. Forty children from three city mission centres and Manikandeswaram CSI Church along with fifteen children from M M Church participated in the retreat. Rev. Rohan P, Presbyter of M M Church, lead the retreat. The classes were conducted by Mr. Noble Miller.

**4. Poor Fund/Aid**

The following beneficiaries were selected for availing Poor Fund/ Aid.

**Medical Aid**

i. Ms. Anila for Treatment of her husband Mr. Anil Kumar CSI Mundela – Rs.10,000/-

ii. Mrs. Jagathamma MM Church – Rs.1038/-

iii. Mr. Michael Pappachan MM Church – Rs.3500/-

iv. Ms. C. Lalitha MM Church – Rs.2000/-

v. Mr. Lal Kalakar CSI Kurusumuttom – Rs.10,000/-

**Marriage Aid**

i. Ms.Rejitha CSI Kuthirakulam – Rs.10,000/-

ii. Ms.Lani CSI Eruthavoor – Rs.5000/-

iii. Ms.Latha Kumari CSI Anad, Kunnathukonam – Rs.12000/-

**5. Plastic chairs for cemetery chapel use**

In response to the announcement given during the Sunday worship services for the requirement of 125 plastic chairs for the cemetery chapel, eight church members sponsored the cost of 128 chairs as memorial to their departed beloved ones.

**6. Annual Convention of CSI MM Church**

As reported earlier, the Annual Convention will be held from 20th to 23rd September 2018. Rev. Mathew Varkey an eminent gospel preacher will be the main speaker for the convention. Kindly pray for the convention and ensure your presence in these meetings.

**7. Accounts for the month of June 2018**

The accounts for the receipts and payments for the month of June 2018 is published on page nos. 25 to 28 of this issue.

**8. Marriages**

The following members of our church married during July 2018

i. Ms. Ajeena Prakash, Family no.1187 on 05.07.2018

ii. Ms.Jemy Ben, Family no.2140 on 12.07.2018

Church Committee extends hearty and blessed birthday wishes to all our beloved members who celebrated their birthday during the month of July 2018.

**9. Obituary**

i. Dennison A. (Family No. 1335) on 19-07-2018

ii. Jaya ES Lancy Bai (Family No. 1413) on 20-07-2018

iii. Capt. Jacob George Joseph (Family No. 1100) on 21-07-2018

*May God our Father and the Lord Jesus Christ give you all grace and peace.*

**Dr. Thampi Sam Raj Y C**
**Church Secretary**

| Programmes of Sub Organisations- August 2018 | | |
|---|---|---|
| **Date** | **Sub- Organisation** | **Programme** |
| 05-08-2018 | Sunday School | Fancy Sale |
| | YFF | Outreach Convention |
| 12-08-2018 | Sunday School | Mid Term Exam |
| | Choir | Song service at Kattakkada CSI Church |
| 15-08-2018 | YFF | Charity Fest |
| | CEYF | Independence Day Celebration |
| | CEYF | Food Distribution for Poor |
| 19-08-2018 | CEYF | Medical Camp at Puravimala |
| 22-08-2018 | Women's Fellowship | Senior Citizen's Day |
| | YFF | Workplace Visit |
| 24-08-2018 | CEYF | Annual Retreat |
| 28-08-2018 | SCF | Annual Retreat at Varkala |

# വിശുദ്ധ തിരുവത്താഴം

റവ. പ്രവീൺരാജ് എൻ. എൽ.



ക്രിസ്തുവിന്റെ വാക്കുകളും, പ്രവൃത്തിയും സജീവമായി പരിരക്ഷിക്കപ്പെടുന്നത് തിരുവത്താഴം എന്ന കൂദാശയിലൂടെയാണ്. സഭയുടെ ഹൃദയമാണ് തിരുവത്താഴം. തിരുവത്താഴം ജീവനുള്ള സ്മാരകമാണ് (living monument). എന്തുകൊണ്ടെന്നാൽ ഇതിലൂടെ ക്രിസ്തുവിന്റെ ഓർമ്മ ജീവൻ പ്രാപിക്കുകയും, വർദ്ധിതമാകുകയും ചെയ്യുന്നു. വിശ്വാസസമൂഹം കൃപയിൽ വളർന്നു വരുന്നതിനുള്ള കൂദാശയാണ് വിശുദ്ധ തിരുവത്താഴം. യേശുവിന്റെ മരണ പുനരുത്ഥാനങ്ങൾ ദൈവരക്ഷയുടെ കേന്ദ്രമായി ഗ്രഹിക്കാനും അതിലൂടെ വെളിപ്പെട്ട സഹനവും, സമർപ്പണവും തുടർരക്ഷ സംഭവമായി കാണാനും തിരുവത്താഴം സഹായിക്കുന്നു. പലപ്പോഴും തിരുവത്താഴശുശ്രൂഷ മതപരമായ ഒരു ആചാരം മാത്രമായി പരിമിതപ്പെടുകയും തൻമൂലം വ്യക്തിഗതമായ ആത്മീയ സംതൃപ്തി കണ്ടെത്താനുള്ള ഉപാധിയായി മാത്രം ചെറുതാകുകയും ചെയ്യുന്നുണ്ട്. എന്നാൽ മതപരമായ ആഘോഷത്തിന്റെയും, പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തോടുള്ള ആദർശൈക്യത്തിന്റെയും ഒരു സന്തുലിതാവസ്ഥ തിരുവത്താഴ ആചരണത്തിലൂടെ നാം വിഭാവന ചെയ്യേണ്ടതാണ്.

**1. തിരുവത്താഴം : ഓർമ്മയുടെ അനുഷ്ഠാനം**

'നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വിൻ' എന്ന അടിസ്ഥാനത്തിലാണ് തിരുവത്താഴം എന്ന കൂദാശ കേന്ദ്രീകരിക്കപ്പെടുന്നത്. ഓർമ്മിക്കുക എന്നത് കേവലം നിഷ്ക്രിയമായ ഒരു പ്രക്രിയ അല്ല. ഓർമ്മിക്കുക എന്നത് ക്രിയാത്മകമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന സജീവവും, നയപരവുമായ പ്രക്രിയയാണ്.

മിസ്രയീമിലെ അടിമത്തത്തിൽ നിന്നുള്ള വിടുതലിന്റെയും തങ്ങളുടെ ആദ്യജാതന്മാരുടെ സംരക്ഷണത്തിന്റെ ദീപ്ത സ്മരണാനുഭവമായ പെസഹയുടെ മേശയിലാണ് യേശു തിരുവത്താഴമേശക്ക് രൂപം നൽകുന്നത്. പെസഹയിൽ യഹൂദർ ഓർമ്മയ്ക്കായും ദൈവം നടത്തിയ വിധങ്ങളെ ധ്യാനിക്കുന്നതിനായും ചില വിഭവങ്ങൾ കരുതിവയ്ക്കും.

a) കയ്പിലകൾ : കടന്നുവന്ന കാലത്തിന്റെ കയ്പ്പിന്റെ ഓർമ്മയ്ക്ക്

b) ഉപ്പുവെള്ളം : കണ്ണീരിന്റെ ഓർമ്മയ്ക്ക്

c) ധാന്യകുഴമ്പ് : അടിമവീടായ മിസ്രീമിൽ ഇഷ്ടിക കളങ്ങളിൽ ഉപയോഗിച്ച ചാന്തിന്റെ ഓർമ്മയ്ക്ക്

d) പുളിപ്പില്ലാത്ത അപ്പം: അടിമവീടായ മിസ്രയീമിൽ നിന്ന് ധൃതിയായി അപ്പം

കഴിച്ച് പുറപ്പെട്ടതിനെ ഓർക്കാൻ.

ഓരോ വിഭവവും ഓരോ ഓർമ്മയ്ക്കായി സുഗന്ധം പരത്തുമ്പോൾ പെസഹ വിരുന്ന് ആരംഭിക്കും. അത്തരം ഒരു മേശയിൽ വച്ച് ക്രിസ്തു പറഞ്ഞു ഇനി നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ഇത് ആചരിക്കണം. ഓരോ പ്രാവശ്യവും തിരുമേശയിങ്കലേക്ക് നാം അടുത്ത് വരുമ്പോൾ ദൈവം നടത്തിയ വിധങ്ങളെകുറിച്ച് നന്ദിയും, ഓർമ്മയും നമുക്കുണ്ടാകണം. ഒരു ജീവന്റെ വിലയാണ് നാം ഭക്ഷിക്കുന്നത് എന്ന ഓർമ്മ ഓരോ തിരുവത്താഴ ആചരണത്തിലും നാം സജീവമായി നിലനിർത്തണം. 1 കൊരി 11:26 "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും, പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" യേശുവിന്റെ മരണ പുനരുത്ഥാനത്തിൽ അധിഷ്ഠിതമായ ഈ ഓർമ്മയുടെ അനുഷ്ഠാനം നമ്മുടെ സഹാനുഭവങ്ങൾക്ക് ആശ്വാസം പകരുകയും നമ്മെ ശക്തീകരിക്കുകയും ചെയ്യുന്നു.

**2. തിരുവത്താഴം : ആത്മശോധനയുടെ ബലിപീഠം**

ഓരോ തിരുവത്താഴ ആചരണത്തിനും മുന്നോടിയായി നാം നമ്മെ തന്നെ ആത്മ പരിശോധന നടത്തേണ്ടത് അനിവാര്യതയാണ്. ഏറെ പ്രാർത്ഥനയോടും വിശുദ്ധിയോടും വേണം നാം തിരുമേശയെ സമീപിക്കുവാൻ.

1 കൊരി 11:27-28 വാക്യങ്ങളിൽ നാം വായിക്കുന്നു. "അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യുവാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു" ഏറെ ഒരുക്കത്തോടും, ആത്മ പരിശോധനയോടും വേണം നാം കർത്താവിന്റെ ശരീര രക്തങ്ങൾ കൈക്കൊള്ളേണ്ടത്.

അന്ത്യ അത്താഴമേശയിൽ ക്രിസ്തു പറഞ്ഞു മത്താ. 26:2 "നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചുകൊടുക്കും" ശിഷ്യന്മാർക്ക് ആത്മ ശോധനയ്ക്കായി ക്രിസ്തു ഒരു ആമുഖം ഒരുക്കുന്നു. ഹൃദയം പിളർക്കുന്ന ആ വാക്കുകൾക്ക് മുന്നിൽ ഓരോ ശിഷ്യന്മാരായി ചോദിച്ചു തുടങ്ങി "ഞാനോ ഞാനോ കർത്താവേ" ക്രിസ്തുവിനോടുള്ള ബന്ധത്തിൽ ഓരോരുത്തരും ആരാണെന്ന് സ്വയം വിലയിരുത്താനുള്ള ക്ഷണമായിരുന്നു ആ വാക്കുകൾ. ഇപ്പോഴും നാം തിരുവത്താഴമേശയിങ്കലേക്ക് അടുത്തു വരുമ്പോൾ നാം നമ്മോടു തന്നെ ഈ ചോദ്യം ചോദിച്ച് വിലയിരുത്തണം "ഞാനോ കർത്താവേ"? നമ്മുടെ തിരുവത്താഴ മേശകൾ ആത്മശോധനയുടെ അനുഷ്ഠാനമേശകളാകട്ടെ.

**3. തിരുവത്താഴവും ഗാർഹിക അൾത്താരയും**

സാധാരണ ഭക്ഷണ പാനീയങ്ങളെപോലെ തിരുവത്താഴ വിഭവങ്ങൾ നമ്മുടെ ശരീരത്തിലേക്ക് മാത്രമായി സ്വാംശീകരിക്കപ്പെടുന്നില്ല. മറിച്ച് നമ്മുടെ ശരീരവും, സ്വത്വവും ക്രിസ്തു ശരീരത്തിലേക്ക് (Body of Christ) ഉൾചേർക്കപ്പെടുന്നു. ഈ ഉൾച്ചേരൽ മറ്റുള്ളവർക്കായി അന്നമായി മാറാൻ, മുറിക്കപ്പെടാൻ, നൽകപ്പെടാൻ, ചെലവാക്കപ്പെടാനുള്ള ക്ഷണമാണ്. കൂട്ടായ്മ ബന്ധത്തിൽ പരസ്പരം പകുത്ത് നൽകുന്നവർക്കാണ് തിരുവത്താഴ മേശ അർത്ഥ

പൂർണ്ണമാകുന്നത്.

തിരുആലയത്തിലെ തിരുവത്താഴ അൾത്താരമേശകൾ നമ്മുടെ ഗാർഹിക പരിസരങ്ങളിലേക്ക് നീട്ടപെടട്ടെ. പരസ്പര സ്നേഹവും, കൂട്ടായ്മയും മുറിച്ച് വിളമ്പലും നമ്മുടെ ഗൃഹാന്തരീക്ഷങ്ങളിൽ സാധ്യമാകണം. കുടുംബം പുലർത്താനുള്ള അധ്വാനവും, അലച്ചിലും, അടുക്കളയിൽ ഭക്ഷണം ഒരുക്കുന്നതും പ്രിയപ്പെട്ടവരുടെ രോഗശയ്യയിൽ ഉറക്കമുണർന്ന് കാത്തിരിക്കുന്നതും.... ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത കർമ്മങ്ങളെല്ലാം സ്നേഹപൂർവ്വം ചെയ്യുമ്പോൾ തിരുവത്താഴ അൾത്താര നമ്മുടെ ജീവിത പരിസരങ്ങളിലേക്ക് നാം വലിച്ച് അടുപ്പിക്കുകയാണ്.

പ്രിയപ്പെട്ടവർക്കുവേണ്ടി ഇങ്ങനെ ശരീരവും, മനസും ആരോഗ്യവുമൊക്കെ മുറിച്ച് വിളമ്പാനാണ് തിരുവത്താഴമേശ നമ്മെ ബലപ്പെടുത്തേണ്ടത്. മറ്റുള്ളവർക്കുവേണ്ടി തങ്ങളെ തന്നെ പകുത്ത് നൽകുന്നവരെല്ലാം വിശുദ്ധ തിരുവത്താഴ ബലിയുടെ ജീവിതം നയിക്കുന്നവരാകുന്നു. ഈ അവബോധം നമ്മുടെ ജീവിതങ്ങളെ കുറച്ചുകൂടി പ്രകാശപൂർണ്ണമാക്കട്ടെ.

**4. തിരുവത്താഴവും സാമൂഹികമാനവും**

ക്രിസ്തു ഒരു നവ സമൂഹ നിർമ്മിതിക്കായി സിനഗോഗുകൾക്കപ്പുറം പൊതു ഇടങ്ങളിൽ അത്ഭുതം പ്രവർത്തിച്ചും, വേദപഠനം നിർവ്വഹിച്ചും, അതിരുകൾ കല്പിച്ചിരുന്ന ജനതയോട് ചേർന്ന് നിന്നും അവർക്കായി വിരുന്നൊരുക്കിയും കല്പിതമായ വിശുദ്ധ ഇടങ്ങളുടെ അതിർ വ്യാപനം സാധ്യമാക്കി. ഗുസ്താവോ ഗുട്ടിയാറസ് എന്ന ദൈവശാസ്ത്രഞ്ജന്റെ അഭിപ്രായത്തിൽ യേശുവിനെ ഓർക്കുക എന്നാൽ യേശുവിന് പരിഗണന ഉണ്ടായിരുന്ന സമൂഹങ്ങളെ ഓർക്കുക എന്നതാണ്.

അന്ത്യ അത്താഴത്തിലൂടെ കുടുംബ സദസുകളിലേക്ക് മാത്രം ചുരുക്കപ്പെട്ട പെസഹ ആചരണത്തെ ശിഷ്യന്മാർ പലരായി അടങ്ങുന്ന ഒരു സമൂഹത്തിലേക്ക് ക്രിസ്തു കൂട്ടിക്കൊണ്ടുവന്നു. തിരുവത്താഴം എന്ന ശുശ്രൂഷയ്ക്ക് അതുകൊണ്ട് തന്നെ ക്രിസ്തു വിഭാവന ചെയ്ത ഒരു സാമൂഹികമാനം നാം നല്കേണ്ടതുണ്ട്. മത്താ. 26:28, മർക്കൊ. 14:24 എന്നീ വാക്യങ്ങളിലെ “ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം” 1കൊരി 10:17 “അപ്പം ഒന്ന് ആകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ” ഈ വാക്യങ്ങൾ ഏകവും എന്നാൽ അതോടൊപ്പം ബഹുലവുമായ ക്രിസ്തു ശരീരത്തെ പ്രതിപാദിക്കുന്നു. വില്യം കാവനാഗ് എന്ന ദൈവശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ ക്രിസ്തു ശരീരത്തിന് പൂർണ്ണത കൈവരുന്നത് “നിങ്ങൾ” “ഞങ്ങൾ” എന്ന വേർതിരിവുകളുടെ മതിലുകൾ ഇടിഞ്ഞ് സഭ ജൈവമായി ഒഴുകുന്ന സമൂഹമായി (Organic flowing community) വിഭാവന ചെയ്യപ്പെടുമ്പോഴാണ്. തിരുവത്താഴ ശുശ്രൂഷയിൽ നാം വെറും നിഷ്ക്രിയരായ സ്വീകർത്താക്കളോ, ഗുണഭോക്താക്കളോ അല്ല മറിച്ച് നാം സജീവമായി ക്രിസ്തു ശരീരത്തിനോട് ഇഴുകി ചേർക്കപ്പെടുന്നു. തിരുവത്താഴ മേശ അൾത്താരയിൽ മാത്രം തുടങ്ങി ഒതുങ്ങാനുള്ള അനുഭവമല്ല. നമ്മുടെ വ്യത്യസ്തമായ ജീവിത പരിസരങ്ങളിലേക്ക് ആലയത്തിലെ തിരുവത്താഴ അനുഭവങ്ങളെ കൂട്ടികൊണ്ടുപോകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

എ. ലിവിംഗ്സ്റ്റൺ



# ജോൺ വെസ്‌ലി

## (1703 - 1790)

### 'എരിതീയിൽ നിന്ന് വലിച്ചെടുത്ത കൊള്ളി'

**ഇം**ഗ്ലണ്ടിൽ സ്വതന്ത്ര നവോത്ഥാന സഭകൾ രൂപീകൃതമായപ്പോൾ 18-ാം നൂറ്റാണ്ടിൽ ലെസ്ലിയൻ സഭകളുടെ പിതാക്കന്മാരായി അറിയപ്പെട്ടവരാണ് സാമുവൽ വെസ്ലി, സൂസന്നാ ദമ്പതികളും അവരുടെ മക്കളായ ജോൺ വെസ്‌ലിയും ചാൾസ് വെസ്‌ലിയും,

1709 ൽ ഇംഗ്ലണ്ടിലെ ലിങ്കൺഷയറിൽ എപ്‌വർത്ത് ഗ്രാമത്തിലുള്ള പള്ളി മേടയ്ക്ക് (Parsonage) ഭയങ്കരമായ അഗ്നിബാധയുണ്ടായി. അന്നവിടെ താമസിച്ചിരുന്ന പട്ടക്കാരനും ഭാര്യയും അവരുടെ 19 കുഞ്ഞുങ്ങളും കത്തിനശിക്കേണ്ടതായിരുന്നു. എങ്കിലും 6 വയസ്സുള്ള ഒരു കുഞ്ഞൊഴികെ എല്ലാവരെയും രക്ഷാപ്രവർത്തനത്തിലൂടെ രക്ഷപ്പെടുത്തി. എന്നാൽ രണ്ടാമത്തെ നിലയിൽ ഉറങ്ങിക്കിടന്നിരുന്ന കുട്ടിയെ രക്ഷപ്പെടുത്താൻ വഴിയില്ലാതെ നിസ്സാഹയരായി ആളുകൾ നെട്ടോട്ടം ഓടുമ്പോൾ ഉറക്കത്തിൽ നിന്നും ഉണർന്ന് പേടിച്ച് നിലവിളിക്കുന്ന കുട്ടിയുടെ കരച്ചിൽ കേട്ടു. കോണിപ്പടി കത്തി നശിച്ചിരുന്നു. പെട്ടെന്നൊരാൾക്കുണ്ടായ ബുദ്ധിയിൽ ഒരാളുടെ തോളിൽ മറ്റൊരാൾ കയറി അയാളുടെ തോളിൽ വേറൊരാൾ കയറി തട്ടിൻപുറത്തെ കിളിവാതിലിൽ എത്തിപിടിച്ച് ഒരുവിധത്തിൽ വലിഞ്ഞുകയറി ആ ബാലനെ രക്ഷിച്ചു. ധീരതകാണിച്ച ആ മനുഷ്യന് മാതാപിതാക്കളും ജനവും നന്ദി പ്രദർശിപ്പിച്ച് പാദങ്ങളിൽ വീണ് നമസ്കരിച്ചു.

"എരിതീയിൽ നിന്നും വലിച്ചെടുത്ത കൊള്ളി" എന്ന് സ്വയം വിശേഷിപ്പിച്ച ആ ബാലനാണ് പിൽക്കാലത്ത് വിശ്വവിഖ്യാതനായിത്തീർന്ന ജോൺ വെസ്‌ലി. 19-ാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് ജനതയുടെ രാഷ്ട്രീയവും സാമൂഹ്യവും ആദ്ധ്യാത്മികവുമായ ഉണർവിന് കാരണക്കാരനായ മഹാനാണ് ജോൺ വെസ്‌ലി. ജോണിന്റെ മാതാപിതാക്കൾ ദൈവസന്നിധിയിൽ നീതിയുള്ളവരും ഭക്തരുമായിരുന്നു. ഓരോ കുട്ടിയും വേദപാരായണത്തിനും പ്രാർത്ഥിക്കുന്നതിനും ആഴ്ചയിൽ ഒരു ദിവസം പ്രത്യേകം നീക്കി വെക്കണമെന്ന് നിഷ്ഠയുണ്ടായിരുന്നു. ജോണിന്റെ തവണ വ്യാഴാഴ്ചയായിരുന്നു. അമ്മയുമൊത്തു ചിലവഴിച്ച സമയത്തെപ്പറ്റി പിൽക്കാലത്തും ഒരനുഭവമായി പറഞ്ഞിരുന്നു.

11-ാം വയസ്സിൽ ജോണിനെ ലണ്ടനിലുള്ള ചാർട്ടർ ഹൗസ് എന്ന സ്കൂളിൽ ചേർത്തു. അവിടെ നിന്നും 17-ാം വയസ്സിൽ ഓക്സഫോർഡ് യൂണിവേഴ്സിറ്റിയിൽ പ്രവേശിച്ചു. അവിടെ എം. എ. ഡിഗ്രി സമ്പാദിച്ചു നല്ലൊരു പ്രസംഗകനായിത്തീർന്നു. മറ്റുഭാഷകളായ ലാറ്റിൻ, ഫ്രഞ്ച്, ഗ്രീക്കു, എബ്രായഭാഷകളിലും പാണ്ഡിത്യം നേടി. മാതാപിതാക്കളുടെ പ്രേരണയും നൈസർഗികമായ ദൈവഭക്തിയും സഭാസേവനത്തിലേക്കു ആകർഷിച്ചു 1725 ൽ തന്റെ 22-ാം വയസ്സിൽ ഒരു പട്ടക്കാരനായി സ്ഥാനമേറ്റു. രണ്ടു വർഷം പിതാവിന്റെ കൂടെ എപ്‌വർത്തിൽ സഹായ പട്ടക്കാരനായി ശുശ്രൂഷ ചെയ്തു.

അന്നേരം സർവ്വകലാശാലയിൽ നടത്തിവന്ന വാദപ്രതിവാദങ്ങൾക്കു നിരീക്ഷകനായും നിരൂപകനായും ക്ഷണിക്കപ്പെട്ടു. അവിടെ സഹോദരനായ ചാൾസ് വെസ്‌ലി സഹപാഠികളുംകൂടി ചില പ്രമാണങ്ങൾ അംഗീകരിച്ച ഒരു സഖ്യം രൂപീകരിച്ചു. ഇവരെ മറ്റു വിദ്യാർത്ഥികൾ 'വേദപ്പാറ്റകൾ" എന്നും നിയമനിഷ്ഠക്കാർ" (മെതഡിസ്റ്റുകൾ) എന്നും വിളിച്ചിരുന്നു. പ്രസിദ്ധ സുവിശേഷ പ്രാസംഗികനായ ജോർജ്ജ് വൈറ്റ് ഫീൽഡും ഈ സഖ്യത്തിലെ അംഗമായിരുന്നു. ജോൺ വെസ്‌ലിയുടെ ആരോഗ്യം ക്ഷയിച്ചതിനാൽ വീട്ടിലേക്കു പോകേണ്ടിവന്നു അക്കാലത്ത് ജോണിന്റെ പിതാവ് സാമുവൽ വെസ്‌ലി രോഗബാധിതനായി അത്യാസന്ന നിലയിലായി. മരണക്കിടക്കയിൽ ചാൾസിനെ അരികെ വിളിച്ച് തലയിൽ കൈവച്ച് ആശീർവദിച്ച് ഈ ലോകം വെടിഞ്ഞു.

കുറച്ചു നാളുകൾക്കുശേഷം അമേരിക്കയിലെ ജോർജ്ജിയയിലുള്ള റെഡ് ഇൻഡ്യൻസിന്റെ ഇടയിൽ മിഷണറിയായി പോകുന്നതിന് ജോണിനു ക്ഷണം ലിച്ചു. അമ്മയോട് യാത്ര ചോദിച്ച് ജോൺ മിഷണറിയായി യാത്ര തിരിച്ചു. സഹോദരൻ ചാൾസും കൂടെപ്പോയി. നാലു മാസത്തെ കപ്പൽ യാത്രയ്ക്കുശേഷം അവർ 1736 ൽ അമേരിക്കയിലെത്തി. ഈ യാത്രയിൽ ഭയങ്കരമായ ഒരു കൊടുംകാറ്റിൽപ്പെട്ട് കപ്പലിൽ കൂട്ടനിലവിളിയുണ്ടായി. എന്നാൽ ചില മൊറേവ്യൻ മിഷണറിമാർ മാത്രം പാടി ദൈവത്തെ സ്തുതിച്ചുകൊണ്ട് ഭയമില്ലാതിരിക്കുന്നത് വെസ്‌ലിമാർ കണ്ടു. തനിക്കില്ലാത്ത എന്തോ അവരുടെ ഉള്ളിലുണ്ടെന്ന് വെസ്‌ലിക്ക് മനസ്സിലായി.

ജോർജ്ജിയയിലെ അമേരിക്കൻ ഇന്ത്യരുടെ ഇടയിൽ ജോൺ വെസ്‌ലി തീഷ്ണതയോടെ വേല ആരംഭിച്ചു. എന്നാൽ ഫലപ്രദമായി സുവിശേഷവേല ചെയ്യാൻ സാധിക്കാതെ 1737 ൽ ഇംഗ്ലണ്ടിലെക്കു മടങ്ങി. ഈ പരാജയം അദ്ദേഹത്തെ കൂടുതൽ വിനയഹൃദയമുള്ളവനാക്കി. ഒരു ദിവസം ലണ്ടനിൽ പീറ്റർ ബോളർ എന്ന മൊറെവ്യൻ മിഷണറിയുടെ പ്രസംഗം കേൾക്കുകയും യഥാർത്ഥമായി ദൈവാത്മാവാൽ ഹൃദയം ഉജ്ജ്വലിപ്പിക്കപ്പെടുകയും വിശ്വാസത്തിന്റെ ദിവ്യമാർഗ്ഗം ജോൺ വെസ്‌ലിക്കു വ്യക്തമാകുകയും ചെയ്തു.

താമസിയാതെ വെസ്‌ലി ജർമ്മനിയിലെ ഏൺഹട്ടിലുള്ള മൊറെവ്യൻ മിഷൻ കേന്ദ്രത്തിൽ ചില ദിവസങ്ങൾ താമസിച്ച് വിശ്വാസത്തിൽ ശക്തിപ്പെട്ട് നാട്ടിലേക്കു മടങ്ങി. പരിശുദ്ധാത്മ ജ്ഞാനത്താൽ പ്രകാശിക്കപ്പെട്ടതിനാൽ പ്രസംഗം ആരംഭിച്ചു. അദ്ദേഹത്തിന്റെ ആദ്യപ്രവർത്തനരംഗമായിരുന്ന ഓക്സ്ഫോർഡ് വിദ്യാർത്ഥികൾക്കിടയിൽ പോയി. അവിടെ പഴയ സംഘടന ശക്തിപ്പെട്ടിരുന്നു. വിദ്യാർത്ഥികൾക്കിടയിൽ ഉണർവുണ്ടായി. പാട്ടും പ്രസംഗവും പ്രാർത്ഥനയും തുടങ്ങി.

ജയിലുകളിൽ ദൂത് ആത്മീയ ഉണർവ്വിനിടയാക്കി. പ്രത്യാശാഗീതങ്ങൾ പാടിക്കൊണ്ടാണ് പലരും കഴുകിൻ ചുവട്ടിലേക്ക് നടന്നുപോയത്. പിന്നീട് ഖനി തൊഴിലാളികൾക്കിടയിലായിരുന്നു ശുശ്രൂഷ. മലഞ്ചരിവുകളിൽ ആവശ്യാനുസരണം പ്രാർത്ഥനാലയങ്ങളും ആരാധനകളും ആരംഭിച്ചു. പരസ്യയോഗങ്ങളിൽ പങ്കെടുക്കുന്നവരുടെ സംഖ്യകൂടികൂടിവന്ന്, പതിനായിരങ്ങളായി.

ജോൺ ഒരു മികച്ച ഗദ്യകലാകരാനും ചാൾസ് അനുഗ്രഹീതനായ ഒരു പദ്യകലാകാരനുമായിരുന്നു. വെസ്‌ലി സഹോദരന്മാരുടെ പ്രവർത്തനഫലമായുണ്ടായ ആത്മീയ ഉണർവ് നാടൊട്ടുക്കും വ്യാപിച്ചു. വെസ്‌ലിയെപ്പോലെ

പീഡിപ്പിക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്തിട്ടുള്ളവർ ചുരുക്കമാണ്. തല്ലും കല്ലേറും പരിഹാസവും അപവാദങ്ങളും. എന്നാൽ സ്വന്തജീവനെപ്പോലും ത്യജിക്കാൻ തയ്യാറായി അദ്ദേഹം ശുശ്രൂഷ തുടർന്നു. പട്ടം കൊടുക്കാത്ത ആളുകളെ മതപ്രസംഗത്തിനയ്ക്കുന്നതും സ്ത്രീകളെ മിഷണറി വേലയ്ക്കയക്കുന്നതും അന്ന് പുതുമയായിരുന്നു. ജോൺ ആദിമ പ്രവർത്തകരെ തുച്ഛമായ പ്രതിഫലം പറ്റി സുവിശേഷവയൽ പ്രദേശത്ത് അത്യധ്വാനം നടത്തുന്നതിനായി നിയോഗിച്ചു.വെസ്ലിയൻ സഭയുടെ ശക്തിക്കു നിദാനമായിത്തീർന്നതു ഇങ്ങനെയുള്ള മിഷണറിമാരുടെ ചെറിയ ചെറിയ ക്ലാസ് മീറ്റിംഗുകളാണ്.

അത്യധ്വാനങ്ങൾക്കിടയിൽ ജോൺ ഒരപകടത്തിൽപെട്ടു. കാലിനു പറ്റിയ തകരാറുമൂലം ദൂരയാത്ര ചെയ്യാൻ കഴിയാതെ കുറെദിവസം വിശ്രമമെടുക്കേണ്ടിവന്നു. ഇക്കാലത്ത് ജോണിനെ പരിചരിച്ച മിസിസ് വസീൽ എന്ന വിധവയായ ധനിക ജോണുമായി വിവാഹത്തിനു തയ്യാറായി. എന്നാൽ ഈ ബന്ധം അധികകാലം നിലനിന്നില്ല. സ്വയം ഇഷ്ടമുള്ളിടത്തേക്കെല്ലാം പോകുമായിരുന്ന വസീൽ ഒരിക്കൽ പുറപ്പെട്ടുപോയശേഷം മടങ്ങിവന്നില്ല. 1781 ൽ ഭാര്യ മരിച്ചുവെന്നു ഒരറിയിപ്പ് വെസ്ലിക്ക് ലഭിച്ചു.

1790 ൽ വിഞ്ചസി എന്ന സ്ഥലത്തെ ഒരു മഹാവൃക്ഷത്തിന്റെ ചുവട്ടിൽ നിന്നു കൊണ്ട് ജോൺ വെസ്ലി തന്റെ അന്ത്യ പ്രസംഗം നടത്തി. 88 വർഷമായി വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്ത ആ കൃശഗാത്രനായ യോദ്ധാവ് തന്റെ അന്ത്യം അടുത്തുവെന്ന ബോധ്യത്തോടെ വികാരനിർഭരമായ സന്ദേശം നൽകി. അനേകായിരങ്ങൾ സംബന്ധിച്ച ജനപ്രവാഹം കണ്ണുനീർ അലിയിച്ച് രക്ഷയിലേക്കു വന്നു. പ്രസംഗശേഷം വീട്ടിലേക്കു മടങ്ങിയ ജോൺ സ്വർഗ്ഗയാത്രയ്ക്കൊരുക്കങ്ങൾ ചെയ്തു. തന്റെ സംസ്കാരത്തെപ്പറ്റി ഒരു കാര്യപരിപാടി അദ്ദേഹം തന്നെ രേഖപ്പെടുത്തി. സകല സന്ദർശകരോടും "അന്യോന്യം സ്നേഹിപ്പിൻ" എന്നു മാത്രം ഉത്ബോധിപ്പിച്ചുകൊണ്ട് ചുറ്റും നിന്നവരോട് മംഗളം നേർന്നു ആ മഹാത്മാവ് കർത്തൃ സന്നിധിയിലേക്കു ശാന്തമായി യാത്രയായി.

## നിത്യതയിൽ



**Dennison**
TC 25/1960,
A 34, Gandhariaman Koil Rd., TVM 1
expired on 19-07-2018



**Jacob George Joseph**
TC 25/807,Ramkrishna Reddiar Rd., Thampanoor, TVM 14
expired on 22-07-2018



**Jaya E S Lancy Bai**
TC 14/1755-2,APRA 26, Arappura Lane, Kannamoola,TVM 11
expired on 20-07-2018

# തേജസ്സേറിയ സ്വാതന്ത്ര്യാനുഭവം വ്യക്തിജീവിതങ്ങളിൽ

ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം

**സ്വപ്ന സാക്ഷാത്ക്കാരം**

നമ്മുടെ രാജ്യം സാമ്രാജ്യ അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ 72-ാം വാർഷികം ആഘോഷിക്കുന്ന ഈ കാലഘട്ടത്തിലും സാക്ഷാൽ സ്വാതന്ത്ര്യം ഒരു വിദൂര സ്വപ്നമായി തന്നെ അവശേഷിക്കുന്നു. വാസ്തവത്തിൽ നാം സ്വതന്ത്രരാണോ എന്ന ചോദ്യം മുൻവർഷങ്ങളെക്കാൾ ഇപ്പോൾ ഏറെ പ്രസക്തമാണ്. എവിടെയാണ് നിലനിൽക്കുന്ന സ്വാതന്ത്ര്യം ലഭിക്കുക? ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമേ സാക്ഷാൽ സ്വാതന്ത്ര്യം പ്രാപിക്കാനും, അനുഭവിക്കാനും, നിലനിർത്താനും കഴിയുകയുള്ളൂ. "സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പ്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതു" (ഗലാ. 5:1). മനുഷ്യന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി നിരവധി പ്രക്ഷോഭങ്ങളും സമരസംരംഭങ്ങളും ലോകത്തിൽ നടന്നിട്ടുണ്ട്. അക്രമാസക്തമായും, രക്തച്ചൊരിച്ചിലൂടെയും, അഹിംസ സംബന്ധമായും ഒറ്റനവധി പേർ ആത്മാർത്ഥമായി ശ്രമിച്ചെങ്കിലും സ്ഥായിയായ സ്വാതന്ത്ര്യം പ്രദാനം ചെയ്യാൻ ഇവർക്കൊന്നും സാധിച്ചിട്ടില്ല. ഇന്നും യഥാർത്ഥ സ്വാതന്ത്ര്യം ഒരു മരീചികയായി തന്നെ കാണപ്പെടുന്നു. ഇതിനൊരു പരിഹാരം ഉണ്ടോ? നിശ്ചയമായും ഉണ്ട്. ക്രിസ്തു നമുക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നാം സാക്ഷാൽ സ്വതന്ത്രർ തന്നെ. യേശു പറഞ്ഞു: എന്റെ വചനത്തിൽ നിങ്ങൾ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാർ ആയി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രർ ആക്കുകയും ചെയ്യും" (യോഹ. 8:32).

**ചലനാത്മകമായ സ്വാതന്ത്ര്യം**

നമ്മുടെ സഹോദരവർഗ്ഗം ഇന്നും തടവിലായിരിക്കുമ്പോൾ നാം സ്വതന്ത്രരെന്നു പറയാനാവില്ല. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം രുചിച്ചറിഞ്ഞ ശേഷം നമുക്ക് അടങ്ങിയിരിക്കാനാവില്ല. നാം ഓരോരുത്തരും സ്വാതന്ത്ര്യത്തിന്റെ ചാലകങ്ങളായി മാറും. ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യം പങ്കുവയ്ക്കാനുള്ളതാണ്; വിടുവിക്കാനുള്ളതാണ്, സ്വയത്യാഗമാണ്; കരുതലിന്റേതാണ്. നൊമ്പരപ്പെട്ടും മുറിവേറ്റും അർദ്ധപ്രാണരായി കഴിയുന്നവരെ സ്വതന്ത്രരാക്കുന്നതാണ്. സമസ്ത മേഖലകളിലും നെടുവീർപ്പിട്ടു കഴിയുന്ന ജനങ്ങൾ നമ്മുടെ സമകാലിക സമൂഹത്തിന്റെ നേർകാഴ്ചയാണ്. നല്ല ശമര്യക്കാരന്റെ ഉപമയിലെ പുരോഹിതനെപ്പോലെയും ലേവ്യനെപ്പോലെയും നമുക്ക് അലക്ഷ്യമായി കടന്നു പോകാൻ ആവില്ല. ദേഹം ദേഹി ആത്മാവിൽ തകർന്ന് തരിപ്പണമായി കിടക്കുന്നവരെ എഴുന്നേല്പിച്ച് ശുശ്രൂഷിക്കാൻ ഉതകുന്നതാണ് ദൈവം നമുക്ക് നല്കിയിരിക്കുന്ന ഈ സ്വാതന്ത്ര്യം. "പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും" (യോഹ. 8:36).

**നിർവ്യാജ സ്വാതന്ത്ര്യം**

സാക്ഷാൽ ക്രിസ്തു സ്വാതന്ത്ര്യം പ്രാപിക്കണമെങ്കിൽ യേശു ക്രിസ്തു

വിനെ ദൈവവും രക്ഷിതാവും കർത്താവും ആയി സ്വീകരിച്ചു ഏറ്റുപറയണം. അങ്ങനെ രക്ഷാസ്വാതന്ത്ര്യം പ്രാപിക്കാത്തവരായ വ്യാജന്മാരുടെ പ്രവർത്തനങ്ങൾ നാം തിരിച്ചറിയണം. അവർ നമ്മുടെ സഭകളിലും കൂട്ടായ്മകളിലും കടന്നു കൂടിയിട്ടുണ്ട്. പകുതി മാനസാന്തരപ്പെട്ട ഇക്കൂട്ടരെ സൂക്ഷിക്കണം. "തങ്ങൾ തന്നെ നാശത്തിന്റെ അടിമകളായിരിക്കെ മറ്റവർക്കും സ്വാതന്ത്ര്യത്തെ വാഗ്ദാനം ചെയ്യുന്നു" (2 പത്രൊ. 2:19)

മാനസാന്തര സ്വാതന്ത്ര്യം :ക്രിസ്തുവിനെ കർത്താവായി സ്വീകരിച്ചു ജീവിതത്തിൽ കർത്തൃത്വം നടത്താൻ അനുവദിക്കാത്തവർ സാക്ഷാൽ സ്വതന്ത്രർ അല്ല. രക്ഷകനായി മാത്രം അംഗീകരിക്കുന്നതിലൂടെ അവർ തൃപ്തിപ്പെടുന്നു. ഇത്തരം താത്ക്കാലിക രക്ഷപ്പെടീൽ കൂടുതൽ പ്രശ്നങ്ങൾക്കെ വഴി തെളിക്കൂ. മാനസികമായി അല്പം സന്തോഷവും സമാധാനവും സ്വാതന്ത്ര്യവും അനുഭവിക്കുന്നു എന്ന ധാരണയിൽ അവർ ജീവിക്കുന്നു. ദൈവത്തെ അനുസരിക്കാതെ, ദൈവവചനത്തിന് വിധേയപ്പെടാതെ, മനുഷ്യസ്നേഹം പുലർത്താതെ ആരാധനകളിൽ പങ്കെടുത്ത് സ്വയം ന്യായീകരിച്ച് ആത്മീയരെന്നു അഹങ്കരിച്ചു ക്രിസ്തുവിൽ നിന്നു അന്യപ്പെട്ടു സ്വാർദ്ധരായി ജീവിക്കുന്നു. തങ്ങൾക്കും മറ്റുള്ളവർക്കും ദൈവരാജ്യത്തിനും യാതൊരു ഗുണവും പ്രയോജനവും വരുത്താൻ കഴിയാതെ ജീവിക്കുന്നതു അർദ്ധശൂന്യമാണ്. "ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നുകൊൾക.... (വെളി. 3:1, 2) " ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തത് എങ്ങനെ എന്നു ഓർത്ത് അത് കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക" (വെളി 3:3). പൂർണ സമർപ്പണത്തിലൂടെ യേശുക്രിസ്തുവിനെ  സ്വന്തം രക്ഷിതാവും കർത്താവുമായി നമ്മുടെ ജീവിതങ്ങളിൽ സ്വീകരിച്ചു കർത്തൃത്വം ഏറ്റെടുക്കാൻ പൂർണഹൃദയത്തോടെ നമുക്ക് അപേക്ഷിക്കാം.

**ആത്മ നിയന്ത്രണത്തോടുള്ള സ്വാതന്ത്ര്യം**

നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം അപകടകരമാണ്. ചുമതലകളിൽ നിന്നും ഓടിഒളിക്കാനും ഒഴിഞ്ഞു നിൽക്കാനും അന്യായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണാനും ഈ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യാൻ പാടില്ല. "സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ" (2 പത്രൊ. 2:16). ഈ നിർദ്ദേശത്തോടുള്ള നമ്മുടെ പ്രതികരണമെന്താണ്?

**സ്വർഗ്ഗീയ സ്വാതന്ത്ര്യം**

അർദ്ധപൂർണമായ സ്വാതന്ത്ര്യം അനുഭവിക്കുന്നവരായി ജീവിക്കാൻ നമ്മുടെ രക്ഷിതാവ് നമ്മെ ക്ഷണിക്കുന്നു. "കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട്" (2 കൊരി 3:17). ഇരുട്ടറകളിലും ബന്ധനങ്ങളിലും കെട്ടപ്പെട്ടിരിക്കുന്നവരെ മോചിപ്പിക്കാൻ ക്രിസ്തുമൂലം പരിശ്രമിക്കാൻ ദൈവകരങ്ങളിൽ നമ്മെത്തന്നെ നമുക്ക് വിധേയപ്പെടുത്താം.

**സ്വാതന്ത്ര്യം ചരിത്ര അവലോകനം**

സ്വാതന്ത്ര്യത്തിന്റെ വ്യത്യസ്തഭാവങ്ങൾക്ക് രൂപംകൊടുക്കാൻ ആധുനിക ലോകം ഒരുംപെടുമ്പോൾ 19-ാം നൂറ്റാണ്ടിൽ കേരളത്തിന്റെ ഭാഗമായിരുന്ന തിരുവിതാംകൂറിലെ അന്നത്തെ അവസ്ഥ ഒന്നു കണ്ണോടിക്കുന്നത് അവസരോചിതമാണ്. മനുഷ്യന്റെ പൗരസ്വാതന്ത്ര്യത്തിന്റെ കണികപോലും കാണാൻ കിട്ടാത്ത കാലം. ഒരു കലികാലം എന്നു തന്നെ പറയണം. എന്തിനെന്നറിയാതെ, ചോദ്യം ചെയ്യാനാവാതെ കൊലമരത്തിൽ ഏൽപ്പിക്കപ്പെടുന്ന കാലം.

കൂടാരമായ ഭൗമഭവനത്തിൽ ഭാരപ്പെട്ടു ഞരങ്ങി കഴിഞ്ഞിരുന്ന കാലം. പട്ടിണികൊണ്ട് പൊറുതിമുട്ടുമ്പോൾ ഒരു കിഴങ്ങെങ്ങാനും മോഷ്ടിച്ചാൽ രാജകിങ്കരന്മാരുടെ അടികൊണ്ടും കാരാഗ്രഹത്തിൽ അടക്കപ്പെട്ടും കഴിഞ്ഞിരുന്ന കാലം. രാജാവു അനുവദിക്കുന്ന സ്വാതന്ത്ര്യം, രാജാവു കല്പിച്ചു നൽകുന്ന സ്വത്തവകാശം, രാജാവിൽ നിന്നു അധികാരം കൈമാറി കിട്ടിയ ജന്മിമാർ, അവർ അഴിച്ചുവിടുന്ന പീഡനം... ശരാശരി മലയാളിക്ക് വീട് എന്നു അറിയപ്പെടുന്ന ഒരെണ്ണം നിർമ്മിക്കാൻ അവകാശമുണ്ടായിരുന്നില്ല. ജന്മിമാർക്ക് എട്ടുകെട്ടും പതിനാറ് ഇല്ലവും മനയും ഉണ്ടായിരുന്നപ്പോൾ, മറ്റുള്ളവനുണ്ടായിരുന്നത് നാലുകാൽ ഓലപ്പുര മാത്രം. ജന്മി അനുവദിച്ചുകൊടുക്കുന്ന പാടവരമ്പത്തും തെങ്ങും പുരയിടത്തും ഓലപ്പായിൽ ജനനവും മരണവും ജീവിതവും എല്ലാം അനുഭവിച്ചു തീർത്തകാലം. ഈ കാലഘട്ടത്ത് എൽ. എം. എസ്. മിഷനറിമാർ നടത്തിയ പോരാട്ടങ്ങൾ ചരിത്രത്തിന്റെ ഭാഗമായിത്തീർന്നു. സുവിശേഷപ്രഘോഷണത്തോടൊപ്പം അന്നത്തെ അടിച്ചമർത്തപ്പെട്ട ജനസമൂഹത്തിന്റെ സമൂല വിമോചനത്തിനായി അവർ ജീവിത സാഹചര്യങ്ങളുമായി തിരുവചനത്തെ വ്യാഖ്യാനിച്ചു. അവരുടെ അർപ്പണമനോഭാവത്തോടുള്ള അശ്രാന്ത പരിശ്രമങ്ങളാൽ തദ്ദേശീയരായ ജനങ്ങൾ വിടുതലും വിമോചനവും സ്വാതന്ത്ര്യവും കൈവരിച്ചു. ഇന്ന് നാം ഈ പാരമ്പര്യം പിന്തുടരാറുണ്ടോ? "സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ജഡരക്തത്തിന് അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്തിൽ അന്യോന്യം സേവിപ്പിൻ" (ഗലാ. 5:13).


CSI MM CHURCH

*Young Family Fellowship*

**YFF CharityFest - 2018**

**(A YFF Good Samaritan Initiative)**

**15-08-18 Wednesday @ 4.00 pm @ T J M Hall**

A fund raising program to help the poor & the needy

| | |
|---|---|
| **Inauguration** | - **Dr. Sashi Tharoor,** Member of Parliament |
| **1 st bid** | - **Er. David Anush,V.P.,** Program Manager, IT Applications & Channels, Noor Bank, Dubai, |
| **II nd bid** | - **Er. Jerry Daniel**, Associate Director, C-DAC, Tvpm |
| **III rd bid** | - **Dr. Sheeja Boby**, Priya Multi-Speciality Dental Clinic, Mannanthala, Tvpm. |

**Auction / Food Court / Stalls /Lucky Dip etc**

***Painting / Photography Contest & Exhibition***

*Pray! Prepare! Participate!*

ലേഖനം

# സംഗീതവും ക്രിസ്തീയ ജീവിതവും
## (Music & Christian Life)

**റ്റി. ജയകുമാർ ആൽഫ്രഡ്**

സങ്കീ. 100:1 "സകലഭൂവാസികളുമായുള്ളോരേ, യഹോവയ്ക്ക് ആർപ്പിടുവിൻ. സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ, സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ"

ക്രിസ്തീയ ജീവിതത്തിൽ സംഗീതത്തിന് വളരെ പ്രാധാന്യമാണുള്ളത്. ഈ ലോകത്തിൽ ക്രൈസ്തവരായ നാം ഓരോരുത്തരും ദൈവത്തെ പാടി സ്തുതിക്കേണ്ടവരാണ്. വിവിധ മേഖലകളിൽ ജീവിക്കുന്ന ഓരോ മനുഷ്യനും ദൈവം പാടുവാനുള്ള കഴിവ് കൊടുത്തിട്ടുണ്ട്. അതിനെ പ്രായോഗിക ജീവിതത്തിൽ ശീലമാക്കേണ്ടത് നമ്മുടെ കടമയാണ്. പ്രശസ്ത എഴുത്തുകാരനും സാഹിത്യകാരനുമായ ഷേക്സ്പിയർ പാട്ടിനെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്. "സംഗീതം ജീവിതത്തിൽ ഇല്ലാത്ത ഒരു മനുഷ്യൻ അല്ലെങ്കിൽ ഇമ്പമായ ഒരു ഗാനത്തിന്റെ ശബ്ദം കേട്ട് ആസ്വദിക്കാത്ത ഒരു മനുഷ്യൻ മറ്റുള്ളവരെ വഞ്ചിക്കുവാനും സൂത്രം പ്രയോഗിക്കുവാനും മനുഷ്യജീവിതത്തെ നശിപ്പിക്കുവാനും മാത്രമേ കൊള്ളാവൂ" എന്നാണ്. അതുകൊണ്ട് ദൈവം നമുക്ക് നല്കിയിട്ടുള്ള താലന്തിനനുസൃതമായി നാം ദൈവത്തെ പാടി മഹത്വപ്പെടുത്തേണ്ടതാണ്.

വേദപുസ്തകം പരിശോധിക്കുമ്പോൾ നമുക്കു കാണുവാൻ കഴിയുന്ന ഒരു കാര്യം ദാവീദിന്റെ സങ്കീർത്തനങ്ങൾ മുഴുവനും പാട്ടുകളാണ് എന്നുള്ളതാണ്. ദാവീദ് തന്റെ ജീവിതത്തിൽ എപ്പോഴും പാടി ദൈവത്തെ സ്തുതിച്ചു. തന്റെ സന്തോഷകാലത്തും സന്താപകാലത്തും , പ്രയാസങ്ങളുടേയും പ്രശ്നങ്ങളുടേയും മദ്ധ്യേ ദാവീദ് ദൈവത്തെ പാടി മഹത്വപ്പെടുത്തി. സങ്കീ. 34:1 ൽ ദാവീദ് പറയുന്നത് "ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും, അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും" എന്നാണ്. ദാവീദിന് ഉണ്ടായിരുന്ന ഈ അനുഭവം നമ്മുടെയും ജീവിതത്തിൽ ഉണ്ടാകേണ്ടതാണ്: നാം ഇവിടെ ചിന്തിക്കുന്ന കുറിവാക്യത്തിൽ (സങ്കീ 100: 1 ന്റെ മൂന്നാം ഭാഗം) ദാവീദ് പറയുന്നത് സംഗീതത്തോടെ ദൈവസന്നിധിയിൽ വരണം എന്നുള്ളതാണ്.

ദൈവത്തെ ആരാധിക്കുവാൻ വരുന്ന ഒരു വ്യക്തി സംഗീതവുമായി വരണം എന്നാണ് ദാവീദ് പറയുന്നത്. അതിന്റെ അർത്ഥം എന്താണ്? **ആലയത്തിൽ ആരാധിക്കുവാൻ നാം വരുമ്പോൾ നമ്മുടെ ഹൃദയാന്തർഭാഗങ്ങളിൽ നിന്നും സംഗീതം ഉയർന്നു വരേണ്ടതാണ്.**

വിശുദ്ധ വേദപുസ്തകമാണ് ലോകത്തിലെ ഏറ്റവും വലിയ പാട്ടുപുസ്തകം. ദാവീദിന്റെ സങ്കീർത്തനങ്ങൾക്കു പുറമെ പഴയനിമയത്തിലും പുതിയ നിയമത്തിലുമെല്ലാം പലസന്ദർഭത്തിലായി പലരും പാടിയിട്ടുണ്ട്.

പഴയനിയമത്തിൽ ഹന്നയ്ക്കും എല്ക്കാനയ്ക്കും കുഞ്ഞു ലഭിച്ചപ്പോൾ അവർ ദൈവത്തെ പാടിസ്തുതിച്ചു. (1 ശമു. 2:7). യിസ്രായേൽ ജനത്തെ ദൈവം ചെങ്കടൽ യാത്രയിൽ ഉണങ്ങിയ നിലത്തിൽകൂടെ കടത്തിവിട്ടപ്പോൾ

മിര്യാമിന്റെ നേതൃത്വത്തിൽ സ്ത്രീകൾ തപ്പുകളോടെ നൃത്തം ചെയ്തുപാടി. (പുറ. 15: 20, 21). ആദിമസഭയിൽ ഹേമാൻ എന്ന മനുഷ്യനും തന്റെ 14 പുത്രന്മാരും 3 പുത്രിമാരും യെരുശലേം ദേവാലയത്തിലെ ഗായകസംഘത്തിൽ ചേർന്ന് പാടി ദൈവത്തെ സ്തുതിച്ചു. (1 ദിന 23:5).

പുതിയ നിയമം പരിശോധിക്കുമ്പോൾ മറിയ ദൈവത്തെ പാടി മഹത്വപ്പെടുത്തുന്നതായി കാണാൻ കഴിയും. (ലൂക്കൊ. 1:46-55) ശിമയോൻ ദൈവാലയത്തിൽ വച്ച് യേശുവിനെക്കുറിച്ച്പാടി (ലൂക്കൊ. 2:29-31). യേശുക്രിസ്തുവിന്റെ ജനനസമയം ദൈവദൂതന്മാർ ആർത്തുപാടി. പൗലൊസും ശീലാസും കാരാഗ്രഹത്തിൽ കിടന്നുകൊണ്ട് ദൈവത്തെ പാടിസ്തുതിച്ചു (അപ്പൊ. 16:25)

ദാവീദ് ദൈവത്തെ പാടിസ്തുതിച്ച് ജീവിതത്തെ ധന്യമാക്കിയതുപോലെ നമുക്കും പാടുവാൻ ശ്രമിക്കാമോ? ക്രിസ്തീയജീവിതത്തിൽ പല പല നന്മകളും അനുഗ്രഹങ്ങളുമാണ് നാം പാടുന്നതു മുഖാന്തരം ഗാനങ്ങളിൽകൂടെ നമുക്ക് ലഭ്യമാകുന്നത്.

പ്രധാനമായും 3 കാര്യങ്ങൾ നമുക്ക് ചിന്തിക്കാം.

## 1. Christian Songs bring us Joy and Happiness

**ക്രിസ്തീയ ഗാനങ്ങൾ നമുക്ക് സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നു.**

നമ്മുടെ രക്ഷിതാവായ യേശുവിനെക്കുറിച്ചുള്ള ഗാനങ്ങൾ നാം പാടുമ്പോൾ ഒരു പ്രത്യേക സന്തോഷവും ഉന്മേഷവുമാണ് ഉള്ളിൽ ഉണ്ടാകുന്നത്. ഓരോ ഗാനവും അതിന്റെ അർത്ഥം മനസിലാക്കി പാടുവാൻ നാം ശ്രമിക്കണം അപ്പോൾ നമ്മുടെ ഹൃദയം സന്തോഷംകൊണ്ട് നിറയും. കുടുംബ പ്രാർത്ഥനയിലും പാട്ടിന് പ്രാധാന്യം കൊടുക്കണം. അങ്ങനെ ചെയ്യുമ്പോൾ കുഞ്ഞുങ്ങൾക്കും പാട്ടുകൾ പാടുവാനുള്ള ശീലം ലഭിക്കും. അതുപോലെ തന്നെ ആലയത്തിലും ഗായകസംഘം പാട്ടുകൾക്ക് നേതൃത്വം നല്കുമ്പോൾ വെറുതെ നോക്കി നില്ക്കാതെ ഗായകസംഘത്തോടൊപ്പം ഉച്ചത്തിൽ പാടി ദൈവത്തെ സ്തുതിക്കുവാൻ ശ്രമിക്കണം. അങ്ങനെ ആരാധന സന്തോഷവും ഉന്മേഷവുമുള്ളതും ആയിമാറും.

ദക്ഷിണാഫ്രിക്കയിൽ ഭർത്താക്കന്മാർ മീൻപിടിക്കുവാൻ ആഴക്കടലിലേക്ക് പോകുമ്പോൾ ഭാര്യമാർ വീട്ടിലിരുന്ന് പാടുന്നത് പതിവാണ്. ഇത് തങ്ങൾക്ക് മീൻ പിടിക്കാനുള്ള ധൈര്യവും ഉന്മേഷവും പകർന്നുകൊടുക്കുന്നു എന്നുള്ളതാണ്.

പ്രീയ ദൈവമക്കളെ, നാം ഭവനത്തിലായാലും ആലയത്തിലായാലും ജോലി രംഗങ്ങളിലായാലും നമുക്ക് വിരസത അനുഭവപ്പെടുമ്പോൾ അർത്ഥവത്തായ ക്രിസ്തീയ ഭക്തി ഗാനങ്ങൾ പാടണം. ഹൃദയത്തിന്റെ അന്തർഭാഗത്തു നിന്നും അങ്ങനെ പാടുമ്പോൾ ജീവിതം ഉന്മേഷവും സന്തോഷപൂർണ്ണമുള്ളതുമായി മാറും.

